
# എ.കെ.എ.എസ്.ജി.വി.
# എച്ച.എസ്.എസ




| |
|---|
| റവന്യൂ ജില്ല |
| കണ്ണൂർ |
| വിദ്യാഭ്യാസ ജില്ല |
| തളിപ്പറമ്പ് |
| ഉപജില്ല |
| പയ്യന്നൂർ |
| പ്രധാനദ്ധ്യാപകൻ |
| പി.വി നാരായണൻ |
| പി ടി എ പ്രസിഡന്റ് |
| എം വി സുനിൽ കുമാർ |



# സ്കൂളിനു പേര് വന്ന ചരിത്രം



എ കുഞ്ഞിരാമൻ അടിയോടി
1908 സപ്തംബർ 21ന് ജനിച്ചു.
*സ്വാതന്ത്ര്യത്തിന് വേണ്ടി ഇന്ത്യൻ ജനത നടത്തിയ പോരാട്ടത്തിന്റെ ബലിവേദിയിൽ ജീവൻ ത്യജിച്ച ആദ്യത്തെ വിദ്യാർത്ഥി രക്തസാക്ഷി.
*1928ൽ ജവഹർലാൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ പയ്യന്നൂരിൽ നടന്ന കോൺഗ്രസ് സമ്മേളനത്തിൽ വളണ്ടിയർ ക്യാപ്റ്റനായി പ്രവർത്തിച്ചു .
*പയ്യന്നൂർ ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന കുഞ്ഞിരാമൻ അടിയോടി 1930ൽ പയ്യന്നൂരിൽ നടന്ന
ഉപ്പ് സത്യാഗ്രഹത്തിൽ ക്ലാസ്സ് ബഹിഷ്കരിച്ച് പങ്കെടുത്തതിനെ തുടർന്ന് അറസ്റ്റ് ചെയ്ത് കണ്ണൂർ സെൻട്രൽ ജയിലിൽ അടക്കപ്പെട്ടു.
ജയിലിലും സമരം തുടർന്നപ്പോൾ ബല്ലാരി ജയിലിലേക്ക് മാറ്റി.ബല്ലാരി ജയിലിലെ പീഡനങ്ങളും ദുരിതങ്ങളും കുഞ്ഞിരാമൻ അടിയോടിയെ രോഗിയാക്കി. 1930സപ്തംബർ 21ന് അന്തരിച്ചു.

അദ്ദേഹത്തിന്റെ സ്മരണക്കായി ഈ സ്കൂളിന് അദ്ദേഹത്തിന്റെ പേരിൽ നാമകരണം ചെയ്തു.

# പ്രളയം

സൂര്യനെയൊരു കയ്യാൽ തള്ളിമാറ്റി
ഒരു  കുടം വെള്ളവുമായ് വന്നു കരിമുകിൽ
ആകാശമൊന്നു
ഭയന്നുവിറച്ചപ്പോൾ
കാർമുകിൽ പൊട്ടിക്കരഞ്ഞു
കണ്ണീർതോരാതെ പെയ്തു
ഇടിയും കൊടുങ്കാറ്റും കനത്തു
മണ്ണും വിണ്ണുമുലഞ്ഞു
ഭൂവിന്റെ സ്വപ്നം പ്രളയം കവർന്നു.



-വിനായക് സി കെ

# അറിവിന്റെ സൂര്യൻ

എന്റെ വിദ്യാലയ മുറ്റത്തുദിച്ച

അക്ഷരം പോലെ ജ്വലിച്ച സൂര്യൻ

ഞങ്ങൾക്കുതാങ്ങായ് വെളിച്ചമായി

അറിവിനു ശക്തിയായ് നിന്നു

അജ്ഞാനം നമ്മൾ കഴുകിടുമ്പോൾ

ഹൃദയത്തിലും സൂര്യനുദിച്ചിടുന്നു.

–ശ്രാവൺ കണ്ണൻ

# പുഴയുടെ പാട്ട്

ഒഴുകി പുഴയന്ന് ചേലോടെ
കളകളം പാടി കുളിര് കോരി
കരിമുകിൽ തന്റെ മനസ്സുമായി
നന്മയാം നാടിൻ ഞരമ്പു പോലെ
ഇന്നവൾ ക്ഷീണിച്ചവശയായ
കേൾക്കാമവളുടെ രോദനങ്ങൾ
മണൽ വാരിയും മാലിന്യം തള്ളിയും
മാനുഷർ മഹാവ്യാധിപകർന്നവർക്ക്
വരുവിൻ നമുക്കിനി ഒരുമിച്ച് പാടാം
സ്ഫടികജലം പോൽ തെളിഞ്ഞ ഗാനം
ചരമഗീതങ്ങൾ കുഴിച്ചുമൂടാം.

-വിനായക് കെ

# മഹാമാരി

കൂട്ടിലടച്ച കിളികൾ നാം കൂട്ടരെ
കൂട്ടുകൂടാനനുവാദമില്ല
നാട്ടിടവഴികളും നീളും പാടങ്ങളും
നീന്തിതുടിച്ച കുളപ്പടവും
ഗോട്ടികളിച്ചതും മേട്ടം മേടിച്ചതും
തമ്മിലടിപിടികൂടി പിരിഞ്ഞതും
തെല്ലിടകാലം  മറന്നീടാം കൂട്ടരെ
ചിത്തത്തിൽ സൗമ്യസാന്നിദ്ധ്യമാകാം
അമ്മ പറഞ്ഞൊരു കാര്യം ഗ്രഹിക്കാം
കാലമീകാലം കലികാലമോർക്കാം
മാരിമഹാമാരി പെയ്യുന്ന കാലം
കാവലാളാകാം ഈ നാടിനായ്
കാവലാളാകാം ഈ നാടിനായ്.

–ചിന്മയ് കിഷോർ കെ

# കേരളം



പരശുരാമൻ തൻ
മഴുവാൽ അളന്നൊരു
കേരളം
ഇടനാട്ടും മലനാട്ടും
തീരപ്രദേശവും
കൈകോർത്ത
നാടാണെൻ കേരളം
നാളികേരത്തിന്റെ
വീടാണെൻ കേരളം
മാവേലിതമ്പുരാൻ വന്നൊരു കേരളം
ജാതി -മത -ഭേദമില്ലാത്ത കേരളം
സർവ്വവൈവിധ്യങ്ങൾ തൻ സ്വന്തം നാട്
പേമാരിയും മഹാമാരിതൻ ഭീതിയും
ഒട്ടും തളർത്തിയിട്ടില്ല നമ്മെ
സ്നേഹവും ഐക്യവും മാനവികതയും
ആപ്ലകാലത്ത് നമ്മളിൽ കണ്ടു
അന്ധവിശ്വാസവും അനാചാരങ്ങളും
നമ്മളിലുണ്ടായാൽ നാടിൻ നാശം
നല്ലൊരു കേരളസൃഷ്ടിക്ക് വേണ്ടി
കൈകോർത്തിറങ്ങേണം നാമെല്ലാവരും.

-ധീരജ് വി വി

# പ്രാദേശിക ചരിത്രം

## നെഹ്റു മൈതാനം പയ്യന്നൂർ


ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ നിർണായകമായ പല ഏടുകളും സമ്മാനിച്ച നാലാം കോൺഗ്രസ്സ് സമ്മേളനം പയ്യന്നൂരിലെ മഠത്തും പടി അമ്പലത്തിന് പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന വിശാലമായ മൈതാനത്ത് ബഹുമാന്യനായ ശ്രീ ജവഹർലാൽ നെഹ്റുവിൻ്റെ അധ്യക്ഷതയിൽ നടന്നതിനെ തുടർന്ന് ഈ മൈതാനത്തിന് പയ്യന്നൂർ നെഹ്റു മൈതാനം എന്ന പേര് വന്നു ചേർന്നത്.




സൈമൺ കമ്മീഷൻ ബഹിഷ്കരണത്തെ തുടർന്ന് 1928 ൽ മൂന്നാം മാസം നലാം വാരത്തിൽ പയ്യന്നൂരിൽ നടന്ന കോൺഗ്രസ്സ് സമ്മേളനം ചരിത്ര ഗതിക്കു തന്നെ മാറ്റം ഉണ്ടാക്കി. വടക്കൻ കേരളത്തിൽ ദേശീയ പ്രസ്ഥാനം വേരിറങ്ങി വളർന്നതോടെ ഒറ്റപ്പാലം , കോഴിക്കോട്, മഞ്ചേരി എന്നിങ്ങനെ 1921 മുതൽ നടന്നു വന്ന കോൺഗ്രസ്സ് സമ്മേളനത്തിങ്ങൾക്ക് ശേഷം പയ്യന്നൂരിൽ നടന്നത് പലത് കൊണ്ടും സുപ്രധാനമായ ഒരു പയ്യന്നൂരിലെ കോൺഗ്രസുകാരായ ലക്ഷ്മണ ഷാനായി ടിവി ചാത്തുക്കുട്ടി നായർ വി ആർ നായനാർ ഇ കെ ശങ്കരവർമ്മ രാജ തുടങ്ങിയവർ ചേർന്ന് ടൗണിന് വടക്ക്

ഒഴിഞ്ഞു കിടക്കുന്നതും ആശുപത്രിക്ക് തെക്കും മഠത്തും- പടി അമ്പലത്തിന് പടിഞ്ഞാറുമായുള്ള മൈതാനം സമ്മേളനത്തിനായി തിരഞ്ഞെടുത്തു.കാസർഗോഡ് ,കാഞ്ഞങ്ങാട് ,നീലേശ്വരം, തലശ്ശേരി ,കണ്ണൂർ, തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള കോൺഗ്രസുകാർ ചേർന്ന് സ്വാഗത സംഘം രൂപീകരിച്ചു.കെ .ടി കുഞ്ഞികമ്മാരൻ നമ്പ്യാർ ആയിരുന്നു സ്വാഗത സംഘാധ്യക്ഷൻ 1928 മെയ് 25ന് പ്രഭാതത്തിൽ വന്ദേമാതര ഗാനത്തോട് കൂടി സമ്മേളനം ആരംഭിച്ചു . എന്നാണ് ആദ്യമായി കേരളത്തെ ജവഹർലാലും ജവഹർലാലിനെ കേരളവും ദർശിച്ചത് .
കുടിൽ തൊട്ട് കൊട്ടാരം വരെയുള്ള വരെ സ്വാതന്ത്ര്യസമരത്തിന്റെ തീ ചൂളയിലേക്ക് എടുത്തുചാടാൻ പ്രേരിപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിൻറെ വാക്കുകൾ . നായർ സർവീസ് സൊസൈറ്റി ഹരിജൻ സംഘടനകൾ സാഹിത്യ സാംസ്കാരിക സംഘടനകൾസാംസ്കാരിക സംഘടനകൾ എല്ലാ രംഗത്തെയും പ്രമുഖ വ്യക്തികൾ കോൺഗ്രസ് സമ്മേളനത്തിനു പ്രത്യേകം കൊഴുപ്പു കൂട്ടി ."ഇന്ത്യക്ക് ബ്രിട്ടീഷ് ഭരണത്തിൽ നിന്നും പരിപൂർണ്ണ സ്വാതന്ത്ര്യം ലഭിക്കുക തന്നെ വേണം"... എന്ന പ്രമേയം മാധവനാർ അവതരിപ്പിച്ചു.കെ പി രാമനുണ്ണി മേനോൻ ,കെ കേളപ്പൻ തുടങ്ങിയവർ പ്രമേയത്തെ അനുകൂലിച്ചു കൊണ്ട് സംസാരിച്ചു .ആ സന്ദർഭത്തിൽ കേരളത്തിലെപ്രമുഖ അഭിഭാഷകനും വാഗ്മിയും ആനി ബസന്റിന്റെഹോംറൂൾ പ്രസ്ഥാനത്തിൻറെ ഉന്നത

നേതാക്കളിൽ ഒരാളുമായ മഞ്ചേരി രാമയ്യർ പ്രമേയത്തെ കഠിനമായി എതിർത്തുകൊണ്ട് സംസാരിച്ചു "സ്വാതന്ത്ര്യം ആവശ്യം തന്നെ പക്ഷേ ഇന്ത്യ അതിനുമാത്രം രാഷ്ട്രീയമായി വളർന്നിട്ടില്ല "എന്നാണ് പ്രസംഗിച്ചത്.രാമയ്യരെ അനുകൂലിച്ചുകൊണ്ട് ഉപ്പിസാഹിബ് ,യു ഗോപാലമേനോൻ ,പി അച്യുതൻ തുടങ്ങിയവർ സംസാരിച്ചു. അധ്യക്ഷന്റെ ഉപസംഹാര പ്രസംഗത്തോടെ ആദ്യപരിപാടി അവസാനിച്ചു .തുടർന്ന് മഹാകവി വള്ളത്തോളിന്റെ അധ്യക്ഷതയിൽ സാഹിത്യ സമ്മേളനം ,ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ളയുടെ അധ്യക്ഷതയിൽ ഉത്തരകേരള നായർസഭ സമുദായ പരിഷ്കരണ സമ്മേളനം ,ആര്യൻ കോൺഫറൻസ് ,ആദി കേരള സമ്മേളനം ,എന്നിങ്ങനെ വിവിധ സമ്മേളനങ്ങൾ നടന്നു .നാലപ്പാട്ട് നാരായണമേനോൻ തുടങ്ങിയ പല ഉന്നത സാഹിത്യ നായകന്മാരും സമ്മേളനത്തിൽ പ്രസംഗിച്ചു .സ്വാതന്ത്ര്യ പ്രമേയത്തിന് പുറമേസമ്മേളനം പല പ്രമേയങ്ങളും അംഗീകരിച്ചു. സമ്മേളനത്തിന് ഉപയോഗിച്ച വസ്തുവകകളുടെ ലേലം നടന്നപ്പോൾ നെഹ്റു എഴുതാൻ ഉപയോഗിച്ച മേശ കുഞ്ഞിരാമൻ അടിയോടി തൻറെ പയ്യന്നൂരിൽ ഉള്ള തറവാട്ടിൽ സൂക്ഷിച്ചിട്ടുണ്ട് . ഈ ചരിത്രഭൂമി ചരിത്ര പൈതൃക പ്രദേശമായി ഏറ്റെടുത്ത് വരും തലമുറയ്ക്കായി ചരിത്ര സ്മാരകം സ്ഥാപിക്കുന്നതിനും കുട്ടികൾക്ക് നെഹ്റു പാർക്ക് ഒരുക്കുന്നതിന് വേണ്ടി ഈ പ്രാദേശിക ചരിത്രം സമർപ്പിക്കുന്നു.





# ലിംഗ നീതി

ഒരു പാട് നാളുകൾക്കിപ്പുറം

ഞാനെന്റെ ജൻമ ഗേഹത്തിലെത്തുന്നു

അറിവിന്റെ ജാലകം മെല്ലെത്തുറന്നു

ഞാനാകാശ നീലിമ കണ്ടു അറിവിന്റെ

വിജ്ഞാന നഭസ്സിലേക്കിത്തിരി കുരുന്നു


പൂക്കളർപ്പിച്ചിടുന്നു ഇരു കൈകളുയർത്തി


ഉച്ചത്തിലായെന്റെ പൗരബോധം തെളിയുന്നു

ഇനി ഞാനൊറ്റക്കല്ലെന്ന ബോധത്തിനൊത്തിരി

സ്നേഹം പകർന്നു

-ശംഭു മാസ്റ്റർ






# സൺഡേ ക്രൈം

പണ്ട് പണ്ട് അസ്റ്റൻ എന്നാ ഒരു സിറ്റിഎന്നാ ഒരു
സിറ്റി ഉണ്ടായിരുന്നു
അവിടെ ഒരു പാവപ്പെട്ട മരപ്പണിക്കാരൻ
ഉണ്ടായിരുന്നു അവൻ്റെ പേരാണ്ആസാ
ആസ വളരെ ബുദ്ധിയുള്ള അവനാണ് ഒരു ഞായറാഴ്ച
ദിവസം ആസ് അലമാര ഉണ്ടാക്കാൻ മരം വാങ്ങാൻ
ഒരു ചന്തയിലേക്ക് പോവുകയായിരുന്നുഅപ്പോഴാണ്
ആ സൈഡിലേക്ക് ഓർമ്മ വന്നത് തന്റെ ഫോൺ
എടുത്തില്ല ആസ തിരിച്ചു തന്റെ വീട്ടിലേക്ക് പോയി
ആ സ കണ്ടത് തൻ്റെ വീട് തുറന്നിട്ടിരിക്കുന്നു ആസ
ഒച്ചയുണ്ടാക്കാതെ അകത്തേക്ക് പോയി ആസയുടെ
വീട്ടിൻ്റെ ഉള്ളിൽ ഉണ്ടായിരുന്നത് രണ്ട് കള്ളന്മാർ
അവരുടെ
പേരാണ് വിക്കിയും ചിക്കിയും അവർ ആസ്
പോയതക്കം നോക്കി മോഷ്ടിക്കാൻ കയറിയതാണ്
വിക്കി പറഞ്ഞു ഉണ്ടാക്കാതെ ആരെങ്കിലും വരും
പറഞ്ഞു നമുക്ക് കട്ടിലിന്റെ അടിയിൽ ഒളിക്കാംഈ
രണ്ട് കള്ളന്മാർ പറയുന്നത്ആസ പുറത്തുനിന്നു
കേട്ടോ ഉടനെ ആസ കുറച്ചു നേരം വാതിലിന്റെ
പിറകിൽ ഒളിച്ചു ആസ പോയെന്ന് കരുതി വിക്കി
കട്ടിലിന്റെ പുറത്തേക്ക് ഇറങ്ങി വരാന്തയിലേക്ക്
പോകുമ്പോൾ വാതിലിന്റെ പിറകിൽ ഉണ്ടായിരുന്ന
ആശ വടിയെടുത്ത് വിക്കിയുടെ തലയിൽ അടി
കൊടുത്തു പെട്ടെന്ന് ബോധം നഷ്ടപ്പെട്ട വ്യക്തിയെ
ഒരു മുറിയിൽ പൂട്ടി തൻ്റെ കൂട്ടുകാരൻവരാത്തത്
കണ്ട് ചിക്ക് കട്ടിലിന്റെ പുറത്തേക്ക് ഇറങ്ങി
വരാന്തയിലേക്ക് പോകുമ്പോൾ ചിക്കനെ കണ്ടു
ചോദിച്ചു എൻ്റെ കൂട്ടുകാരനെ കണ്ടിനോ പറഞ്ഞു
ഞാൻ ഇപ്പോൾ കാണിച്ചു തരാം എന്ന് പറഞ്ഞ്
വടിയെടുത്ത് തലയിൽ അടി കൊടുത്തു ബോധം
പോയി വിക്കിയുള്ള മുറിയിൽ പൂട്ടി പോലീസിനെ വിളിച്ചു

പോലീസ് കുറച്ചുനേരം കഴിഞ്ഞപ്പോൾ പോലീസ് എത്തി പോലീസുകാരൻ ചോദിച്ചു എവിടെ കള്ളന്മാർ ആസ പറഞ്ഞു ആ മുറിയിൽ ഉണ്ട് പോലീസുകാരൻ വിക്കിനേയും അറസ്റ്റ് ചെയ്തു പോലീസുകാരൻ പറഞ്ഞു ഇവർ പിടികിട്ടാപ്പുള്ളികളാണ് അതുകൊണ്ടാണ് ഇവരെ പിടിച്ചു തരുന്നവർക്ക് 50000 രൂപ സമ്മാനം ഉണ്ട് പോലീസിന്റെ അടുത്ത് നിന്ന് പണവുമായി ചന്തയിലേക്ക് പോയി.






1923
AKASGVHSS
PAYYANUR
CCTV
SURYA
TRUST
"DESIRE IS THE CAUSE OF ALL SUFFERINGS"
SRI BUDHA
SEVA BY. S.SHIVAPRASAD SHENOY & FAMILY
IN MEMORY OF HIS FATHER U.SURENDRA SHENOY
PAYYANUR
SCULPTURED BY: DAMODARAN VELLORA. DRG.TR.GBHS PNR.
2004